# നവകേരള സദസ്സ്

**പ്രൊസീഡിംഗ്സ് നമ്പർ- 100/2023 IVO -3, LSGD ,Idukki dtd 05/02/2024**

**പരാതിക്കാരൻ – ഫാദർ മനോജ് വർഗ്ഗീസ് , സെന്റ്. ജോർജ്ജ് യാക്കോബൈറ്റ് ചർച്ച്, കത്തിപ്പാറത്തടം, ഇടുക്കി കഞ്ഞിക്കുഴി ഗ്രാമപഞ്ചായത്ത് - 5-ാം വാർഡിലുള്ള കരിമ്പു പള്ളിക്കും കെട്ടിടത്തിനും 2011 ൽ 204,205 എന്ന നമ്പരുകൾ രേഖപ്പെടുത്തി നമ്പർ പ്ലേറ്റ് അടിച്ചിട്ടുണ്ട് എന്നും എന്നാൽ ടി നമ്പറുകൾ പഞ്ചായത്തിന്റെ രജിസ്റ്ററിൽ ഇല്ല എന്നുമാണ് പരാതി.**

## സെക്രട്ടറിയുടെ റിപ്പോർട്ട്

ഫാദർ മനോജ് വർഗ്ഗീസ് , സെന്റ്. ജോർജ്ജ് യാക്കോബൈറ്റ് ചർച്ച്, കത്തിപ്പാറത്തടം നൽകിയിട്ടുള്ള അപേക്ഷയിൽ ഇടുക്കി കഞ്ഞിക്കുഴി ഗ്രാമപഞ്ചായത്ത് വാർഡ് 5 അസ്സസ്മെന്റ് രജിസ്റ്ററുകൾ , സഞ്ചയ സോഫ്റ്റ് വെയർ എന്നിവ പരിശോധിച്ചു. എന്നാൽ ടി നമ്പരുകൾ അസ്സസ്മെന്റ് രജിസ്റ്ററിലോ , സഞ്ചയ സോഫ്റ്റ് വെയറിലോ കണ്ടില്ല. പഞ്ചായത്ത് നിയോഗിച്ച ജീവനക്കാരാണ് 204, 205 എന്ന നമ്പർ പ്ലേറ്റുകൾ പതിച്ചത് എന്ന് ഫാദർ മനോജ് അഭിപ്രായപ്പെട്ട സാഹചര്യത്തിൽ മുൻ കാലങ്ങളിൽ നമ്പർ പ്ലേറ്റ് പതിക്കാൻ നിയോഗിക്കുന്ന ജീവനക്കാർ കെട്ടിടം സംബന്ധിച്ച ഡാറ്റകൾ ശേഖരിക്കുന്ന നോട്ട് ബുക്ക്/ രജിസ്റ്ററോ പഞ്ചായത്ത് കാര്യാലയത്തിൽ ലഭ്യമാണോ എന്ന് പരിശോധിക്കുന്നതിന് സെക്രട്ടറിയെ ചുമതലപ്പെടുത്തിയിരുന്നു. ആയത് പ്രകാരം ഗ്രാമപഞ്ചായത്ത് കാര്യാലയത്തിൽ പരിശോധന നടത്തിയെങ്കിലും അത്തരമൊരു രേഖ കണ്ടെത്താൻ കഴിഞ്ഞില്ല എന്ന് സെക്രട്ടറി റിപ്പോർട്ട് ചെയ്തു.

## തീരുമാനം

ടി സാഹചര്യത്തിൽ ,സെന്റ്. ജോർജ്ജ് യാക്കോബൈറ്റ് ചർച്ച്,ഫാദർ മനോജ് വർഗ്ഗീസ് കത്തിപ്പാറത്തടം ന്റെ അപേക്ഷയിൽ പറയുന്ന ഇടുക്കി കഞ്ഞിക്കുഴി ഗ്രാമപഞ്ചായത്ത് 5-ാം വാർഡിൽ 204, 205 എന്ന നമ്പരുകൾ രജിസ്റ്ററിൽ ചേർത്ത് നൽകുന്നതിന് ഗ്രാമപഞ്ചായത്ത് സെക്രട്ടറിക്ക് നിർദ്ദേശം നൽകാൻ കഴിയില്ല എന്ന് ബോധ്യമായതിനാൽ ടി ഫയലിനമേൽ നടപടികൾ അവസാനിപ്പിച്ചു തീരുമാനിച്ചു.

ABDULSAMAD P.M.
PEN - 578457
Assistant Director
(Internal Vigilance Officer)
O/o. The District Joint Director
LSGD, Idukki, Kuyilimala-685603